ഒരു പഴയകാല രചന

# ഗന്ധർവ്വൻ

**സരോജ വർഗീസ്സ്, ന്യൂയോർക്ക്**



ഇതിഹാസങ്ങളുടെ ഏടുകളിൽ നിന്നും,
അനഘ പ്രേമത്തിൻെറ തിരുമധുരം,
അനർഗ്ഗളം ഒഴുക്കിയ ഒരു ഗന്ധർവൻ.
വെണ്മേഘങ്ങളെ വകഞ്ഞ് മാറ്റി കൊണ്ട്,
ഇളം നീലിമയും ചാര നിറവുമുള്ള,
ഒരു തേരിൽ ഭൂമിയിലേക്ക് ഇറങ്ങി വന്ന
വസന്ത പഞ്ചമി നാളിൽ;
പഞ്ചമം പാടികൊണ്ട് പൂങ്കുയിലുകളും,
പൂമണം പരത്തികൊണ്ട് നിലാവും നിന്നപ്പോൾ,
ജാലക തിരശ്ശീലയിലൂടെ
എന്നും ഗന്ധർവ്വ സഞ്ചാരം വീക്ഷിക്കുന്ന,
ഒരു അജപാല ബാലിക കുന്നിൻപുറത്തേക്ക് ഓടികയറി..
അവളുടെ ചിലമ്പ് മണികളുടെ മുഴക്കം
ഗന്ധർവ്വൻെറ ഹ്രുദയ തന്ത്രികളെ തൊട്ടനക്കി
സ്നേഹവും, കാമവും, പ്രേമവും കൂടികുഴയുന്ന
ഇലകുമ്പിളിൽ ഒരു കന്യാപുഷ്പമർപ്പിച്ച് നിന്നവളെ;
ബാല്യ കൗമാര ചാപല്യങ്ങളുടെ കുങ്കുമം
വിതറി നിൽക്കുന്ന കാലത്തിൻെറ കൽപ്പടവുകളിൽ ഇറങ്ങി-
വാർദ്ധക്യം വരാതിരിക്കാനുള്ള അമ്രുത് കോരാൻ
അവൾക്കവൻ അനുരാഗ ചെപ്പുകുടം നൽകി.
നിശയുടെ നിശ്ശബ്ദ വേളകളിൽ
നിദ്രക്കായ് മെത്ത നിവർത്തുമ്പോൾ,
കനിവിൻെറ കടാക്ഷ വിളക്കുമായി അകലങ്ങളിൽ
എന്തോ തിരഞ്ഞ് നിൽക്കുന്ന നീ എൻെറ രാജകുമാരൻ.
കടപ്പാടുകളുടെ ബന്ധനത്തിൽ കുടുങ്ങി ഒരു നാൾ
മാനത്തെ മട്ടുപ്പാവിലേക്ക് തിരിച്ച്പോകാതെ,
സ്നേഹത്തിൻെറ കൈത്തിരി നാളത്തിൽ മുഖം നോക്കുന്ന
അജപാല ബാലികയുടെ അകൈതവമായ അകതാരിൽ
കരിനിഴൽ വീഴ്ത്താതെ ഒരു വരി പ്രേമ ഗാനം എന്നും പാടുക നീ!

********************